## ഗവൺമെന്റ് പ്രമേയം (ചട്ടം 118 )

ദേശീയപാത 766-ലെ രാത്രികാല ഗതാഗത നിരോധനം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വയനാട് ജില്ലയിലെ ജനങ്ങൾ കഴിഞ്ഞ പത്ത് വർഷമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന യാത്രാക്ലേശവുമായി ബന്ധപ്പെട്ടൊരു പ്രമേയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തെയും കർണ്ണാടകത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്.-766. 2009 മുതൽ ഈ പാതയിൽ രാത്രികാല ഗതാഗതം നിരോധിച്ചിരിക്കുകയാണ്. വന്യമൃഗങ്ങളുടെ സ്വൈര്യവിഹാരത്തിന് തടസ്സം ഉണ്ടാകുന്നു എന്ന പേരിലാണ് മനുഷ്യരുടെ യാത്രാസ്വാതന്ത്ര്യവും സൗകര്യവും തടഞ്ഞത്. ഇതുമൂലം വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലുള്ള ജനങ്ങൾക്ക് ഗുണ്ടൽപേട്ട, മൈസൂർ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യണമെങ്കിൽ 100 കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. ഗുണ്ടൽപേട്ട, നഞ്ചൻകോഡ്, കൊല്ലഗൽ മേഖലകളിൽ നിന്ന് ഇരുപതിനായിരത്തിലധികം തൊഴിലാളികൾ തോട്ടം നിർമ്മാണ മേഖലയിൽ വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി

ജോലിചെയ്യുന്നുണ്ട്. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, നിർമ്മാണ സാമഗ്രികൾ തുടങ്ങി പല ഉൽപ്പന്നങ്ങളും കേരളത്തിൽ നിന്നും കർണ്ണാടകത്തിലേക്കും തിരിച്ചും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച്.-766.

നാല് ചുരങ്ങൾക്ക് മുകളിൽ സ്ഥിതി ചെയ്യുന്ന ജില്ലയാണ് വയനാട്. കാലവർഷദുരന്തമുണ്ടാകുന്നവേളയിൽ ഒറ്റപ്പെടുന്ന വയനാടിലേക്ക് ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിപ്പെടാനുള്ള സമതലത്തിലൂടെയുള്ള ഏക പാതയാണ് എൻ.എച്ച്.-766. റെയിൽ ഗതാഗതമോ, ജലപാതയോ, വ്യോമഗതാഗതമോ ഒന്നുമില്ലാത്ത വയനാട്ടിൽ എൻ.എച്ച്.- 766 ജനങ്ങളുടെ നിലനിൽപ്പിന്റെ പാതകൂടിയാണ്.

ഈ സാഹചര്യത്തിൽ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുകയും രാത്രിയാത്രാ നിരോധനം പിൻവലിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കോടതി ഈ കേസ് പരിഗണിച്ചുവരികയാണ്. ഇതിനിടയിൽ ബന്ദിപ്പൂർ വനമേഖലയിൽ 25 കിലോമീറ്ററിനുള്ളിൽ അഞ്ച് ആകാശപാതകൾ നിർമ്മിക്കുകയും ബാക്കിസ്ഥലങ്ങളിൽ റോഡിനിരുവശവും കമ്പിവേലി

നിർമ്മിക്കുകയും ചെയ്താൽ രാത്രിയാത്രാനിരോധനം പിൻവലിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ച വിദഗ്ദ്ധ സമിതിയുടെ യോഗത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ നിർദ്ദേശം സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് ഏകദേശം 500 കോടി രൂപയോളം ചെലവ് വരുമെന്നും ഈ തുക ദേശീപാതാ വിഭാഗവും കേരളവും 50 ശതമാനം എന്ന കണക്കിൽ സംയുക്തമായി വഹിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ഇക്കഴിഞ്ഞ ബഡ്ജറ്റിൽ 250 കോടി രൂപ നീക്കിവച്ചിട്ടുള്ളതുമാണ്.

എന്നാൽ, കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ വീണ്ടും കേസ് പരിഗണനയ്ക്ക് വന്നപ്പോൾ ഈ പാത അടച്ച് സംസ്ഥാന ഹൈവേ 90-ഉം 275-ഉം വികസിപ്പിച്ച് ഒരു ബദൽപാതയായി ഉപയോഗിച്ചുകൂടേയെന്ന് ചോദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുസംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം സത്യവാങ്മൂലമായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. കേരളാ-തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലൂടെയും കർണ്ണാടകത്തിലെ നാഗർഹോള ടൈഗർ റിസർവ്വിലൂടെയും കടന്നുപോകുന്ന സംസ്ഥാന ഹൈവേ 275

ബദൽപാതയല്ല വനത്തിലൂടെയുള്ള മറ്റൊരു പാതയാണ്. കഴിഞ്ഞ പത്തുവർഷമായി എൻ.എച്ച്. 766-ൽ നിലനിൽക്കുന്ന രാത്രിയാത്രാനിരോധനം പകൽ കൂടി ഉണ്ടായേക്കുമെന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ വയനാട്ടിലെ ജനങ്ങൾക്കിടയിൽ ആകെ അസ്വസ്ഥതയും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്.

എൻ.എച്ച്. 766-ലൂടെയുള്ള ജനങ്ങളുടെ യാത്രാവകാശം സംരക്ഷിക്കാനും വന്യമൃഗങ്ങളുടെ സ്വൈര്യവിഹാരം ഉറപ്പുവരുത്തുവാനും ബദൽ നിർദ്ദേശങ്ങൾ കണ്ടെത്തണമെന്ന കേരളത്തിന്റെ അഭിപ്രായം മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിമാരുമായി പങ്കുവച്ചിട്ടുള്ളതാണ്. വാഹനങ്ങൾ കടന്നുപോകുന്ന ഇന്ത്യയിലെ അൻപതോളം കടുവാസങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ഈ ദേശീയപാതയിൽ മാത്രം കൊണ്ടുവരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണ്. കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിക്ക് കഴിഞ്ഞ 1-ാം തീയതി ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുവരെയും പ്രസ്തുത സമിതി രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെയും മലബാറിലെയും ജനങ്ങളുടെ സഞ്ചാര

സ്വാതന്ത്ര്യം ഉറപ്പുവരുത്തുവാനും നിലവിലുള്ള യാത്രാനിരോധനം നീക്കുവാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠേന ആവശ്യപ്പെടുന്നു. ഇതിൽ രണ്ട് കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഒന്ന്, കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല എന്നുള്ളതാണ്. രണ്ടാമത്തേത്, സത്യവാങ്മൂലം സമർപ്പിക്കുന്ന ഘട്ടത്തിൽ കേന്ദ്രഗവൺമെന്റിന് ഫലപ്രദമായി ഇടപെടാൻ കഴിയുമെന്നാണ് കരുതുന്നത്. ആ സാഹചര്യത്തിലാണ് ഇത്തരത്തിലൊരു പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് പ്രത്യേകിച്ച് അഭ്യർത്ഥിക്കേണ്ടതില്ല. കാരണം, ഈ സഭയിലെ മുഴുവൻ അംഗങ്ങളേയും പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളും പ്രസ്ഥാനങ്ങളും ഒരുമിച്ച് കഴിഞ്ഞ മാസം ദീർഘനാൾ നീണ്ടുനിൽക്കുന്ന വലിയൊരു പൊതുജനപ്രക്ഷോഭം അവിടെ നടത്തുകയുണ്ടായി. ആ പ്രക്ഷോഭത്തിന്റെ വികാരം കൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത്തരമൊരു പ്രമേയവുമായി സർക്കാർ മുന്നോട്ടുവരാൻ തയ്യാറായത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ചട്ടം 62 പ്രകാരം ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കൽ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകിയിട്ടുണ്ട്. സഭയിൽ വളരെ ഗൗരവമുള്ള ഈ പ്രമേയം വന്നതുകൊണ്ടായിരിക്കാം അതിന് അവതരണാനുമതി നിഷേധിച്ചിട്ടുള്ളത്. റോഡുമായി ബന്ധപ്പെടുന്ന പ്രതിസന്ധികളും ജനങ്ങൾ ബുദ്ധിമുട്ടുന്ന ആശങ്കകളെയും സംബന്ധിച്ച് പ്രമേയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം ഞാൻ അവതരിപ്പിക്കുന്നു. ഒന്ന്, ഇവിടെ മന്ത്രി പറഞ്ഞതുപോലെ 2009 മുതൽ വന്ന രാത്രിയാത്രാനിരോധനം ഇന്ന് പത്ത് വർഷം പൂർത്തീകരിക്കുന്നു. ഈ സാഹചര്യത്തിലാണ് പകലും കൂടി അടയ്ക്കുക എന്നുള്ളൊരു നിർദ്ദേശം സുപ്രീംകോടതി പരിസ്ഥിതി മന്ത്രാലയത്തോട് ചോദിച്ചത്. ആ വിഷയം അന്നുതന്നെ വയനാട്ടിലെ മൂന്ന് എം.എൽ.എ.-മാരും അവിടെയുള്ള സർവ്വകക്ഷി നേതാക്കളുംകൂടി ഒരു സർവ്വകക്ഷിയ്ക്ക് നേതൃത്വം കൊടുത്ത് ജനകീയ പ്രക്ഷോഭം

സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി ബഹുമാന്യനായ മുഖ്യമന്ത്രിയും വയനാടിന്റെ പ്രിയപ്പെട്ട എം.പി. ശ്രീ. രാഹുൽ ഗാന്ധിയുമൊക്കെ ഡൽഹിയിൽ വച്ച് കേന്ദ്രമന്ത്രിമാരുമായി ഈ വിഷയം സംസാരിച്ചു. സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തുന്നതിനുവേണ്ടി ഒരു സബ് കമ്മിറ്റിയെ നിയോഗിക്കാമെന്നു പറഞ്ഞ് അന്നുതന്നെ ഒരു പത്രസമ്മേളനം നടത്തി. അത് മന്ത്രി ഇവിടെ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. സബ് കമ്മിറ്റി രൂപീകരിച്ച് ഈ റോഡിന്റെ ചരിത്രവും ജനങ്ങളുടെ യാത്രാദുരിതവും പരിശോധിച്ചുള്ള റിപ്പോർട്ട് നമുക്ക് എത്രയും പെട്ടെന്ന് ആവശ്യമാണ്.

മി. സ്പീക്കർ: ഭേദഗതിയാണ് മൂവ് ചെയ്യേണ്ടത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അതാണ് പറയുന്നത്. ഇതിൽ തടസ്സം നിൽക്കുന്നത് കർണ്ണാടകയാണ്. കർണ്ണാടക ഈ സമരവുമായി ബന്ധപ്പെട്ട് ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്. രാത്രിയാത്ര നിലനിൽക്കുമ്പോൾ പകൽ അടയ്ക്കുന്ന കാര്യത്തിൽ ഞങ്ങൾ തീരുമാനം എടുത്തിട്ടില്ലെന്നാണ് അവർ പറയുന്നത്.

അപ്പോൾ സ്വാഭാവികമായും കർണ്ണാടക ഗവൺമെന്റുമായി ചർച്ചനടത്തി അവർ ഇറക്കിയ പകൽ അടയ്ക്കാത്ത രീതിയിലുള്ള പ്രസ്താവന സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു സാഹചര്യം രണ്ട് ഗവൺമെന്റും കൂടി ആലോചിച്ച് സുപ്രീം കോടതിയിൽ ആ പ്രസ്താവന എത്തിക്കേണ്ടതുണ്ട്. അഖിലകക്ഷി നേതൃത്വം കേന്ദ്രഗവൺമെന്റിന് ഈ വിവരം ചർച്ചചെയ്യുന്നതിനുവേണ്ടി അവസരമുണ്ടാകണം. മറ്റൊന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ അൻപത് കടുവാസങ്കേതങ്ങൾ ഇന്ത്യയിലു ണ്ടെന്ന് പറയുന്നു. അതുപോലെ മദ്ധ്യപ്രദേശ്, മഹാരാഷ്ട്രാ സംസ്ഥാനങ്ങൾ ഒരുമിച്ച് ദേശീയപാതയിലെ  ടൈഗർ റിസർവ് ഏരിയയിൽ 20 കിലോ മീറ്റർ കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി ഫ്ലൈ ഓവർ പണിതിട്ടുണ്ട്. ആസാമിലെ കാസിരംഗ നാഷണൽ പാർക്കിൽ ഇതുപോലെ കടുവാസങ്കേതത്തിൽ ഫ്ലൈ ഓവർ വന്നു. അതേ ഫൈ ഓവറിനുള്ള പ്രൊപ്പോസലാണ് നമ്മുടെ ഗവൺമെന്റ് ബഡ്ജറ്റിൽ കൊണ്ടുവന്നത്. ഇത് നടപ്പാക്കണമെങ്കിൽ കേന്ദ്രത്തിന്റെ അനുമതിവേണം, കേന്ദ്ര അനുമതിയോടുകൂടി രണ്ട് സംസ്ഥാനങ്ങളും ചേർന്ന് ഒരു തീരുമാനമെടുക്കണം. രണ്ട് സംസ്ഥാനങ്ങൾ യോജിച്ച് തീരുമാനമെടുക്കുന്നതിനുള്ള സാഹചര്യമാണ്

ഒരുക്കേണ്ടത്. ഈ പ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഇത്തരമൊരു പ്രമേയം അവതരിപ്പിക്കാൻ ഗവൺമെന്റ് മുൻകയ്യെടുത്തതിന് വയനാട്ടിലെയും മലബാറിലെയും ജനങ്ങൾക്കും വേണ്ടി ആദ്യമായി അഭിനന്ദനമറിയിക്കുകയാണ്. കഴിഞ്ഞ 10 വർഷമായി എൻ.എച്ച് 766-ൽ രാത്രിയാത്ര നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്നത്. ആ സന്ദർഭത്തിലാണ് രാത്രി മാത്രമല്ല പകലും കൂടി നിരോധിക്കണമെന്ന പരാമർശം ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്ത് നിന്നും ഉണ്ടായത്. വയനാട്ടിൽ വലിയ പ്രക്ഷോഭമാരംഭിച്ചു. രണ്ട് ലക്ഷത്തിലധികം ആൾക്കാരാണ് ആ പ്രക്ഷോഭത്തിൽ പങ്കെടുത്തത്. രാവും പകലും ആൾക്കാർ ഉണ്ടായിരുന്നു. കർണ്ണാടകയിൽ നിന്നും നീലഗിരി ജില്ലയിൽ നിന്നും കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽ നിന്നും വയനാടിനോട് ചേർന്ന് നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നുമെല്ലാം ആളുകൾ ആ സമരത്തിൽ പങ്കെടുക്കുകയുണ്ടായി. നാടിന്റെ ഒരു പൊതുവികാരമായി മാറിയിരിക്കുകയാണ്. ഇതിൽ കേന്ദ്ര ഗവൺമെന്റിനാണ്

ശരിയായ രീതിയിൽ ഇടപെടുവാനായി കഴിയുക. ഈ മാസം 15-ാം തീയതി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് വരുമെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. ആ കേസ് വരുന്ന സന്ദർഭത്തിൽ സത്യവാങ്മൂലം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നൽകേണ്ടതുണ്ട്. അതുസംബന്ധിച്ച ഒരു ഭേദഗതിയാണ് ഞാൻ ഉന്നയിക്കുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് സത്യവാങ്മൂലം നൽകുമ്പോൾ കേരളത്തിന്റെ പ്രശ്നങ്ങൾ കൂടി ഗൗരവമായി മനസ്സിലാക്കാനും സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കാനും ആവശ്യമായിട്ടുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് കേന്ദ്ര ഗവൺമെന്റ് നൽകണമെന്നുകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർക്കണം എന്നതാണ് ഭേദഗതിയായി അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിൽ ഇവിടെ ഒരു അഖിലകക്ഷി നിവേദക സംഘത്തെ ഡൽഹിയിൽ അയക്കണമെന്നതാണ് ഭേദഗതിയുടെ ചുരുക്കം. പക്ഷേ, അങ്ങേയ്ക്കും സഭയിലെ എല്ലാവർക്കുമറിയുന്നതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങിവിടെ സൂചിപ്പിച്ചതുപോലെ വയനാട്

എം.പി.-യും കേരളത്തിന്റെ ഈ ആവശ്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ ശ്രമം തുടരുകയെന്നല്ലാതെ മറ്റൊരു അഖിലകക്ഷി വേണമോയെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് നമുക്ക് തീരുമാനമെടുക്കാവുന്നതാണ്. ഇത്രയും ചെയ്തിട്ടുണ്ടെന്നുള്ള കാര്യം അദ്ദേഹം പറഞ്ഞത് ഞാൻ ഓർമിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. അതിലേക്ക് എത്തണമെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് നിലപാടെടുക്കാം. പക്ഷേ കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്ന പ്രമേയത്തിൽ ആ ഭാഗം വേണ്ടല്ലോ. വേണമെങ്കിൽ സഭ തീരുമാനമെടുത്താൽ മതിയല്ലോ. ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞതുപോലെ ഇതിൽ ഇപ്പോൾ പ്രസക്തമായിട്ടുള്ളത് ബഹുമാനപ്പെട്ട കോടതിയിൽ ഈ കേസ് വരുന്ന ഘട്ടത്തിൽ കേന്ദ്ര വനം വകുപ്പ് പരിസ്ഥിതി മന്ത്രാലയം എടുക്കുന്ന നിലപാടാണ്. ആ നിലപാടിലേക്ക് ആ വകുപ്പിനെ എത്തിക്കാനുള്ള സമ്മർദ്ദമാണ് കേന്ദ്ര സർക്കാരിൽ നമ്മൾ ചെലുത്തുന്നത്. ആ സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ പ്രമേയം. ഇവിടെ സർക്കാരും സഭയും വയനാട്ടിലെ ജനങ്ങൾക്കൊപ്പമാണ് എന്ന് പ്രഖ്യാപിക്കുന്ന ഒരു സൂചകമായി ഈ പ്രമേയത്തെ നമ്മൾ എടുക്കണം. ആ നിലയിൽ ഇത് പാസ്സാക്കാൻ എല്ലാപേരും സഹായിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.